**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3554** **12.05.2017-ൽ മറുപടിക്ക്**

**ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ്**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എസ്. ശർമ്മ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;വ്യക്തമാക്കാമോ? | (എ) ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്'എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പു വരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും. ടി പദ്ധതിയിൽ അംഗമാകുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000/- രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രിയിൽ നിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രിയിൽ നിന്നും ലഭ്യമാക്കുന്നതാണ്. ആരോഗ്യ ഇൻഷ്വറൻസിനൊപ്പം 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷ കൂടി ഉറപ്പ് വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.